## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **5499** 25/10/2011 ൽ മറുപടിയ്ക്ക്

## റീസർവ്വേയിലെ അപാകതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ:<br>ശ്രീ. തോമസ് ചാണ്ടി: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ നടന്ന റീസർവ്വേമൂലം ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടുള്ളതായും അപാകത പരിഹരിക്കുന്നതിന്റെ പേരിൽ ഉദ്യോഗസ്ഥന്മാർ വൻതോതിൽ കൈക്കൂലി സമ്പാദിച്ചിരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) റീസർവ്വേ റിക്കാർഡുകളിൽ നിരവധി അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അപാകത പരിഹരിക്കുന്നതിന്റെ പേരിൽ ഉദ്യോഗസ്ഥന്മാർ വൻതോതിൽ കൈക്കൂലി സമ്പാദിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതിന്റെയടിസ്ഥാനത്തിൽ റീസർവ്വേ അപാകതകൾ പരിഹരിക്കുന്നതിന് താലൂക്ക് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ; | (ബി) ഉണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (സി) മേലിൽ റീ-സർവ്വേ സർക്കാർ ഭൂമിയിൽ മാത്രം നടത്തിയാൽ മതിയെന്നും സ്വകാര്യ ഭൂമികളിൽ അതാത് ഉടമസ്ഥന്മാർ ആവശ്യപ്പെട്ടു എങ്കിൽ മാത്രം സർവ്വേ നടത്തിയാൽ മതിയെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് നൽകുമോ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്